പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4075.

27-06-2012-ൽ മറുപടിയ്ക്ക്

## സ്വകാര്യ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ:<br>ശ്രീ.എസ്. ശർമ്മ:<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.റ്റി.വി.രാജേഷ്: | ശ്രീ.ഷിബുബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഔട്ട് സോഴ്സിംഗ് ഏർപ്പെടുത്തിയതോടെ ഈ മേഖലയിലേക്കുള്ള തൊഴിലന്വേഷകരെ ചില ഏജൻസികൾ വ്യാപകമായി ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) ഇല്ല. |
| (ബി) എൻ.ജി.ഒ.കളുടെ പേരിലും സ്വകാര്യ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പേരിലും തൊഴിൽ വാഗ്ദാനം ചെയ്തു പരസ്യങ്ങൾ നൽകി ഉദ്യോഗാർത്ഥികളിൽ നിന്നും പണം കൈക്കലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(സി) സ്വകാര്യ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ സംസ്ഥാനത്ത് വ്യാപകമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങൾക്ക് നിയമവിധേയമായി പ്രവർത്തിക്കാനുള്ള അനുമതിയുണ്ടോ; ഇവയ്ക്ക് രജിസ്ട്രേഷൻ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ?

(സി) ഇല്ല. റിക്രൂട്ടിംഗ് ഏജൻസികളുടെ ആഫീസ് 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് നിയമത്തിന്റ പരിധിയിൽ വരുന്നതാണ്. അതിൻ പ്രകാരം സ്ഥാപനം രജിസ്റ്റർ ചെയ്യേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ ആഫീസ് ജീവനക്കാർ മാത്രമേ ടി നിയമത്തിന്റെ പരിധിയിൽ വരികയുള്ളൂ.

എന്നാൽ 2011-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 223 രജിസ്റ്റർ ചെയ്ത പ്രൈവറ്റ് പ്ളേസ്മെന്റ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ